ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. DME/7/2024-B1** **തീയതി: 28-02-2025**

സ്വീകർത്താവ്,

1. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും
2. എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും
3. പ്രിൻസിപ്പൽ അമൃത സ്കൂൾ ഓഫ് മെഡിസിൻ, കൊച്ചി

സർ/മാഡം,

വിഷയം: മെ.വി.വ. - വിദ്യാഭ്യാസകാര്യം - FMG വിദ്യാർത്ഥികളുടെ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പുമായി (CLINICAL CLERKSHIP) ബന്ധപ്പെട്ട മാർഗ്ഗനിദേശങ്ങൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന:
1. G.O.(Rt) No.32/2025/H&FWD, dated:06/01/2025
2. 02.02.2024 -ലെ സർക്കാർ മിനുട്സ്
3. Public Notice No.U-15024/9/2023-UGMEB, Dated07.12.2023 from National Medical Commission
4. ഈ ഓഫീസിൽ നിന്നുമുള്ള 13.02.2025-ലെ ഇമെയിൽ
5. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ നിന്നുമുള്ള 15.03.2024-ലെ 8661/2024/AC1/MED/B1/KUHS നമ്പർ കത്ത്
6. KSMC പ്രസിഡണ്ട് (മോഡേൺ മെഡിസിൻ)-ന്റെ 25.02.2025-ലെ ഇമെയിൽ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1),(2),(3) എന്നിവയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് (KSMC) ശുപാർശ ചെയ്ത FMG വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റിലൂടെ 12.02.2025-ൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പോസ്റ്റിംഗ് അനുവദിക്കുകയും തുടർന്ന് വിദ്യാർത്ഥികളുടെ

പട്ടിക സൂചന (4) പ്രകാരം വിവിധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ **ക്ലിനിക്കൽ ക്ലർക്ക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള പൊതു മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. എല്ലാ കോളേജുകളും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് കോർഡിനേറ്ററായി (CLINICAL CLERKSHIP COORDINATOR) ഒരു ഫാക്കൽറ്റിക്ക് ചുമതല നൽകേണ്ടതാണ്.
2. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ലഭ്യമാക്കിയ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് ഫോർമാറ്റിൽ FMG വിദ്യാർത്ഥികൾക്ക് പോസ്റ്റിംഗ് / റൊട്ടേഷൻ അനുവദിക്കേണ്ടതാണ്.
3. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് എന്നത് ഇന്റേൺഷിപ്പ് (CRMI) പ്രോഗ്രാം അല്ല. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് (KSMC) പ്രൊവിഷണൽ രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇന്റേൺസിനെ പോലെ രോഗികളെ ചികിത്സിക്കുവാൻ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികൾക്ക് നിർവ്വാഹമില്ല.
4. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികൾക്ക് വിവിധ വിഭാഗങ്ങളിൽ (Specialty) കേസുകൾ കണ്ടു മനസ്സിലാക്കുവാനും പഠിക്കുവാനും സൗകര്യം ഒരുക്കേണ്ടതാണ്.
5. അതാതു മെഡിക്കൽ കോളേജുകളിലെ ഇന്റേൺസിനോടൊപ്പമോ, അവസാന വർഷ MBBS വിദ്യാർത്ഥികളോടൊപ്പമോ, FMG വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പോസ്റ്റിംഗ് / റൊട്ടേഷൻ അനുവദിക്കാവുന്നതാണ്.
6. അവസാന വർഷ MBBS വിദ്യാർത്ഥികൾ ഇല്ലാത്ത കോളേജുകളിൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് കോർഡിനേറ്റർമാർക്ക് ഉചിതമായ രീതിയിൽ FMG വിദ്യാർത്ഥികൾക്ക് ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പോസ്റ്റിംഗ് / റൊട്ടേഷൻ അനുവദിക്കാവുന്നതാണ്.
7. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികൾക്ക് ജനറൽ മെഡിസിൻ (അനുബന്ധ വിഷയങ്ങൾ), പീഡിയാട്രിക്സ്, OBG, ജനറൽ സർജറി (അനുബന്ധ വിഷയങ്ങൾ), ഓർത്തോപീഡിക്സ്, ഇ.എൻ.റ്റി, ഓഫ്താൽമോളജി എന്നീ വിഭാഗങ്ങളിലെ കേസുകൾ കണ്ടു മനസ്സിലാക്കുന്ന/പഠിക്കുന്ന വിഷയത്തിൽ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.
8. ഇന്റേൺഷിപ്പ് (CMRI) ചെയ്യുന്നവർക്ക് അനുവദിക്കുന്ന രീതിയിയിൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക്

അറ്റൻഡൻസ്, ലീവ് എന്നിവ അനുവദിക്കാവുന്നതാണ്.

9. സാധാരണ ദിവസങ്ങളിൽ 8 am മുതൽ 4 pm വരെയായിരിക്കും ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പ്രോഗ്രാം. അടിയന്തിര ഘട്ടങ്ങളിൽ കോളേജ് പ്രിൻസിപ്പലിന് സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്. ആഴ്ചയിൽ ഒരു ദിവസം അവധി (Weekly off) അനുവദിക്കാവുന്നതാണ്.
10. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ (G.O.(Rt) No.32/2025/H&FWD, dated:06/01/2025) സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും NMC നിദ്ദേശിച്ച പ്രതിമാസ ഫീസ് ഈടാക്കേണ്ടതില്ല.
11. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് (Clinical Clerkship) ചെയ്യുന്നവർക്ക് ലോഗ് ബുക്ക് അനുവദിക്കേണ്ടതും, വിജയകരമായി ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പൂർത്തിയാക്കവരുടെ ലോഗ് ബുക്ക് വിവിധ ഡിപ്പാർട്മെന്റുകൾ, കോഴ്സ് കോർഡിനേറ്റർ എന്നിവർ അംഗീകരിച്ച ശേഷം പ്രിൻസിപ്പൽ മുഖാന്തിരം നേരിട്ട് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽസ് (KSMC)-ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
12. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിജയകരമായി പൂർത്തിയാക്കുകയും തുടർന്ന് KSMC-ൽ നിന്നും പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിക്കുകയും ചെയ്യുന്ന FMG വിദ്യാർത്ഥികൾക്ക് 1 വർഷത്തെ ഇന്റേൺഷിപ്പ് അതാത് സ്ഥാപനങ്ങളിൽ അനുവദിക്കേണ്ടതാണ്.
13. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് പൂർത്തിയാക്കിയവരുടെ ട്രാൻസ്ഫർ അപേക്ഷകൾ NMC/KSMC-യുടെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ പരിഗണിക്കുകയുള്ളൂ.
14. സ്ഥാപനത്തിന്റെ അച്ചടക്ക മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും, ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് കാലയളവിൽ സ്ഥാപനത്തിന്റെ സൽപേരിനെയോ പ്രശസ്തിയെയോ ബാധിക്കുന്ന എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായാൽ അനുവദിച്ചിട്ടുള്ള ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് മറ്റു മുന്നറിയിപ്പുകൾ ഒന്നും ഇല്ലാതെ തന്നെ താൽക്കാലികമായി റദ്ദാക്കി എന്ന് പ്രിൻസിപ്പൽ ഉറപ്പാക്കേണ്ടതാണ്.
15. റാഗിംഗ് വിരുദ്ധ (Anti ragging) പ്രൊഫോർമ ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികളിൽ നിന്നും എഴുതി വാങ്ങേണ്ടതാണ്.
16. ക്ലിനിക്കൽ ക്ലർക്ക്ഷിപ്പ് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള മെമ്മോയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

മേൽ പൊതു മാർഗ്ഗനിദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 28-02-2025 11:23:34

THOMAS MATHEW

DIRECTOR

ഉള്ളടക്കം: മേൽ പറഞ്ഞത്